## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### പൊന്നാനി തുറമുഖ നിർമ്മാണം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മലനാടും ഇടനാടും തീരദേശവും സംയോജിക്കുന്ന മലബാറിന്റെ ഒരു പൊൻതാരകമാണ് പ്രകൃതിദത്തമായ പൊന്നാനി തുറമുഖം. പശ്ചിമതീരത്ത് ഭാരതപ്പുഴയോരത്തെ 'പൊന്നാനി' തുറമുഖം അതിപ്രാചീനകാലം മുതൽക്കേ വിശ്വവിഖ്യാതമാണ്. അറബിപൊൻ നാണയങ്ങൾ രാജ്യത്ത് ആദ്യമായി പ്രചാരത്തിലായ ദേശമെന്നും പൊന്നാനകളുടെ നാടെന്നും ഖ്യാതിനേടിയ പൊന്നാനി ഒട്ടേറെ ഐതിഹ്യ കഥകൾക്ക് ഈറ്റില്ലമായി. പ്രാചീന കേരള ചരിത്രത്തിലെ ധീരദേശാഭിമാനിയും പറങ്കിപ്പടയുടെ പേടിസ്വപ്നവുമായിരുന്ന കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാരും പൊന്നാനിയുമായുള്ള ബന്ധം കേരളീയർക്ക് സുപരിചിതമാണ്. വ്യാപാര-വാണിജ്യ-സാമ്പത്തിക പ്രവർത്തനങ്ങളിലൂടെ നമ്മുടെ സമ്പദ്ഘടനയ്ക്ക് നിസ്തുലമായ സംഭാവന നൽകി പഴമയുടെ പെരുമ പേറുന്ന ഈ തുറമുഖ നഗരത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ബൃഹത്തായ ഒരു തുറമുഖ നിർമ്മാണ പദ്ധതി സർക്കാർ ആവിഷ്കരിച്ചുവെന്ന വിവരം സാഭിമാനം ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

മലബാറിലെ ബ്രിട്ടീഷ് ഭരണകാലത്ത് അറബികളും യൂറോപ്പുമായുള്ള വ്യാപാര ശൃംഖലയിലെ ഒരു പ്രധാന കേന്ദ്രമായിരുന്ന പൊന്നാനി. ദക്ഷിണേന്ത്യയിലെ പുരാതന തുറമുഖമായി അറിയപ്പെടുന്ന ഇവിടെനിന്നും നൂറ്റാണ്ടുകൾക്കുമുമ്പ് സുഗന്ധദ്രവ്യങ്ങൾ, നാളികേര ഉത്പന്നങ്ങൾ, ഉപ്പ് എന്നിവ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തിരുന്നുവെന്നതിന്റെ രേഖകൾ ഗ്രീക്ക്-റോമൻ ചരിത്രത്തിൽ ലഭ്യമാണ്.

ചെറുതും ഇടത്തരവുമായ 17 തുറമുഖങ്ങളാൽ സമ്പന്നമായ 585 കി.മീ. ദൈർഘ്യമുള്ള കടലോരം കേരളത്തിനുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതികൂടി യാഥാർത്ഥ്യമാകുന്നതോടെ കേരളതീരത്തെ പ്രധാന തുറമുഖങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് വ്യാപാര-വാണിജ്യ-സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാനും തദ്വാര സംസ്ഥാനത്തിന്റെ വികസന സാദ്ധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും സാമ്പത്തികാഭിവൃദ്ധി സൃഷ്ടിക്കുവാനുമാകും. ഈ ദിശയിലേയ്ക്കുള്ള ശക്തമായ ഒരു ചുവടുവയ്പാണ് പൊന്നാനി തുറമുഖത്തിന്റെ നിർമ്മാണ പദ്ധതി.

രാജ്യത്തെ ചരക്കുകൈമാറ്റത്തിന്റെ 95 ശതമാനവും ജലമാർഗ്ഗമാണ് ഇന്ന് നിർവ്വഹിക്കപ്പെടുന്നത്. അതുപോലെ കഴിഞ്ഞ 5 വർഷമായി കണ്ടെയ്നർ

കൈമാറ്റത്തിന്റെ 102 ശതമാനത്തിന്റെ വർദ്ധനവുണ്ടായിയെന്നതും വിസ്മരിക്കാവുന്നതല്ല. കേരള സംസ്ഥാനത്തിന്റെ പ്രാതിനിധ്യം മാരിടൈം മേഖലയിൽ വർദ്ധിപ്പിക്കുക, തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, തുറമുഖങ്ങളെ ഉൾനാടൻ ജലാശയങ്ങളുമായി സംയോജിപ്പിച്ചുകൊണ്ടുള്ള ജലഗതാഗതരീതി ആവിഷ്കരിക്കുക എന്നിവ ഈ സർക്കാരിന്റെ ലക്ഷ്യങ്ങളാണ്.

പൊന്നാനി തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും അതനുസരിച്ച് M/s. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തു. 29.09.2011-ൽ ടി കമ്പനിയുമായി കൺസെക്ഷൻ എഗ്രിമെന്റ് ഒപ്പുവച്ചു. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് EIA Study നടത്തുന്നതിനുള്ള അംഗീകാരം 15.03.2012-ൽ ലഭിച്ചിരുന്നു. അതനുസരിച്ചുള്ള പഠനം പൂർത്തീകരിക്കുകയും റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ലീസിന് നൽകേണ്ട 29.3 ഏക്കർ ഭൂമി സർവ്വേ ചെയ്ത് സ്കെച്ച് ലഭ്യമാക്കുകയും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തു. ലീസ് എഗ്രിമെന്റിന് സർക്കാർ അംഗീകാരം ലഭിച്ചതിനെത്തുടർന്ന് 2014 ഫെബ്രുവരി 12-ന് കരാർ ഒപ്പുവച്ചു. നിർമ്മാണത്തിനായി സർക്കാർ നൽകുന്ന 29.3 ഏക്കർ ഭൂമിക്ക്

പുറമേ ആവശ്യമായി വരുന്ന ഭൂമി ആഴം വർദ്ധിപ്പിക്കുമ്പോൾ ലഭിക്കുന്ന മണ്ണ് ഉപയോഗിച്ച് നികത്തിയെടുക്കുന്നതാണ്. പൊന്നാനിയുമായുള്ള റോഡ്/റെയിൽ ബന്ധവും തുറുമുഖ നിർമ്മാണത്തിന്റെ ഭാഗമായിരിക്കും.

പാലക്കാട് കോയമ്പത്തൂർ മേഖലയിലെ വ്യവസായങ്ങളെയാണ് പൊന്നാനി തുറുമുഖം പ്രധാനമായും ലക്ഷ്യമിടുന്നത്. നിലവിൽ ഈ വ്യവസായങ്ങൾ തൂത്തുക്കുടി, ചെന്നൈ, കൊച്ചി തുറമുഖങ്ങളെയാണ് ആശ്രയിക്കുന്നത്. കൽക്കരി, വളം, കണ്ടെയ്നറുകൾ, ഇന്ധനം, മറ്റ് ചരക്കുകൾ എന്നിവയാണ് പ്രധാനമായും പൊന്നാനി തുറമുഖംവഴി കൈകാര്യം ചെയ്യുക. തുറമുഖത്തിന് മണിക്കൂറിൽ 2000 ടൺ കൽക്കരി, 1000 ടൺ വളം, 50 കണ്ടെയ്നറുകൾ, 1000 ടൺ ഇന്ധനം എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷിയുണ്ടായിരിക്കും. ഒന്നാം പാദത്തിൽ ഒരു കൽക്കരി ടെർമിനലും ഒരു വിവിധോദ്ദേശ്യ ടെർമിനലുമാണ് നിർമ്മിക്കുക. രണ്ടാം പാദത്തിൽ ഒരു ടാങ്കർ ടെർമിനലും, മൂന്നാം പാദത്തിൽ ഒരു കണ്ടെയ്നർ ടെർമിനലും തുറമുഖത്തിന്റെ ഭാഗമാകും. തുറമുഖത്തിന്റെ പ്രവർത്തനങ്ങൾക്കായി ഗാൻട്രി ക്രെയിനുകൾ, കൺവെയർ ബെൽറ്റുകൾ, സ്റ്റാക്കർ, വാഗൺ ലോഡർ, ബുൾഡോസറുകൾ എന്നിവ ആദ്യഘട്ടത്തിൽതന്നെ വേണ്ടിവരും. 13 മീറ്ററോളം ആഴമുള്ള തുറമുഖത്ത് 250 മീറ്ററോളം നീളമുള്ള 2 ബർത്തുകൾ ആദ്യഘട്ടത്തിലും

പിന്നീട് ഓരോ ഘട്ടത്തിലും 250 മീറ്റർ വീതമുള്ള ഓരോ ബർത്തുകളും ഉണ്ടായിരിക്കും.

നിർമ്മാണ കാലയളവായ 3 വർഷത്തിനുശേഷം പ്രവർത്തനം തുടങ്ങുന്നതും അന്നുമുതൽ 15 വർഷം വരെ 2.75 ശതമാനം നിരക്കിലും 16 മുതൽ 30 വർഷം വരെ 4.5 ശതമാനം നിരക്കിലും വരുമാനത്തിന്റെ വിഹിതം സർക്കാരിന് ലഭിക്കും. നിർമ്മിക്കാനുദ്ദേശിക്കുന്ന തിരുനാവായ-ഗുരുവായൂർ റെയിൽവേ ലൈൻ 6 കി.മീറ്ററോളം നീളം കൂട്ടി പൊന്നാനി തുറമുഖവുമായി ബന്ധിപ്പിക്കുന്നതിനുള്ള 56.06 കോടി രൂപയുടെ പ്രൊപ്പോസൽ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മൂന്നുവർഷംകൊണ്ട് തുറമുഖ നിർമ്മാണം പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷ. നിർമ്മാണച്ചെലവ് അപ്പോൾ ആയിരം കോടി രൂപയായി കണക്കാക്കുന്നു.

മലബാറിന്റെ ദീർഘനാളത്തെ സ്വപ്നമായിരുന്ന ഈ പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം 2015 ആഗസ്റ്റ് 8-ന് ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നിർവ്വഹിക്കുകയാണെന്ന വിവരം സന്തോഷപൂർവ്വം ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു. ഇതുവഴി പൊന്നാനി തുറമുഖത്തിന്റെ നഷ്ടപ്രതാപം പൂർണ്ണ തോതിൽ വീണ്ടെടുക്കാനാകുമെന്നാണ് എന്റെ പ്രതീക്ഷ.

തുറമുഖത്തിന്റെ പരിസ്ഥിതി പഠനത്തിലും മറ്റ് പ്രവർത്തനങ്ങളിലും ആത്മാർത്ഥമായി സഹകരിച്ച ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ എം.പി., ശ്രീ. പി. ശ്രീരാമകൃഷ്ണൻ എം.എൽ.എ, നഗരസഭ പ്രതിനിധികൾ, തദ്ദേശവാസികൾ എന്നിവരോട് സർക്കാരിനുള്ള നന്ദി അറിയിക്കുന്നു. തുടർ പ്രവർത്തനങ്ങളിൽ എല്ലാവരുടെയും സഹായ സഹകരണം അഭ്യർത്ഥിക്കുന്നു.